**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 266**

# തെറ്റായ അറിവ് എന്താണ്?

## WHAT IS WRONG KNOWLEDGE?

**നവംബർ 14, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### തെറ്റായ അറിവ് നേടുന്നതിനെതിരെ കരുതിയിരിക്കുക
### BEWARE OF ACQUIRING WRONG KNOWLEDGE

മനസ്സിന് തെറ്റായ അറിവ് നേടുന്നതിന് ശേഷിയുണ്ട്. ഭഗവാൻ ഒരിക്കൽ പറഞ്ഞു, ‘‘ഞാൻ നിങ്ങളോട് തുറന്നു സംസാരിച്ചാലും, നിങ്ങൾ എന്നെ കേൾക്കുന്നതിന് തയ്യാറല്ല. എല്ലാ കിംവദന്തികളും അപവാദങ്ങളും വ്യാജ തകളും നിങ്ങളുടെ ചെവിയിൽ പ്രവേശിക്കു ന്നു, അവ സ്വാഗത കവാടങ്ങൾ അഥവാ സ്വാഗത ആർച്ചുകളാണ്!’’(തെലുങ്ക് കവിത). നല്ല കാര്യങ്ങൾ നമുക്ക് കേൾക്കണമെന്നില്ല. അതിനാൽ മനസ്സ് തെറ്റായ അറിവ് സ്വീക രിക്കുന്നതിന് ആകാംക്ഷാഭരിതമായിരിക്കും. ഒരുവൻ ഇതെക്കുറിച്ച് ജാഗ്രത വേണം.






എന്താണീ തെറ്റായ അറിവ്? തെറ്റായ അറിവ് എന്നാൽ, വാസ്തവമല്ലാത്തത്, ചോദ്യവുമായി ബന്ധമില്ലാത്തത്. ഉദാഹരണത്തിന്, ഞാൻ പറയുക യാണ് ഈ കെട്ടിടം ഒരു ആനയെപ്പോലെയുണ്ട്? ഇത് ആനയെപ്പോലെയാണോ? ഇതാണ് തെറ്റായ അറിവ്! അതുകൊണ്ട്, തെറ്റായ അറിവ് അർത്ഥമാ ക്കുന്നത് പരിഗണിക്കുന്ന കാര്യവുമായി ബന്ധമില്ലാ ത്തത് അഥവാ പൊരുത്തപ്പെടാത്തത് എന്നാണ്. തെറ്റായ അറിവിൽ ചില ആശയങ്ങൾ, ധാരണകൾ, മുൻവിധികൾ, വിവേചനങ്ങൾ ഇവയുൾപ്പെടുന്നു. ഇവയെല്ലാം തെറ്റായ അറിവാണ്.

ഒരു വ്യക്തി എന്നോട് ചോദിച്ചു: ''ബാബ ദൈവമാണോ?''

ഞാൻ പറഞ്ഞു, ''താങ്കളെന്തുകൊണ്ടാണ് ഈ ചോദ്യം ചോദിക്കുന്നത്? എന്തിനാണ്?''

അദ്ദേഹം വീണ്ടും ചോദിച്ചു: ''ഒരു മനുഷ്യന് ദൈവമാവാൻ പറ്റുമോ?''

''ഒ.കെ., എന്തുകൊണ്ടില്ല? എന്തുകൊണ്ട് പറ്റില്ല?''




അപ്പോൾ അദ്ദേഹം പറഞ്ഞു, ''ദൈവം ഒരു മനുഷ്യനാവാൻ സാദ്ധ്യമല്ല''

ഞാൻ പറഞ്ഞു, ''അതു ശരി. നമുക്ക് നാളെ കാണാം.''

എന്തുകൊണ്ട്? ദൈവം മനുഷ്യരൂപത്തിൽ വരാൻ സാധ്യമല്ല എന്ന്, ദൈവം ഒരു മനുഷ്യനാവാൻ സാദ്ധ്യമല്ല എന്ന് അദ്ദേഹത്തിന്റെ മനസ്സ് മുൻധാരണ(prejudiced)യുണ്ടാക്കിവച്ചിരിക്കുകയാണ്.




അദ്ദേഹത്തിന് തന്റേതായ ഈശ്വരസങ്കല്പമുണ്ട്, അത് നഷ്ടപ്പെടുത്താൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല. അദ്ദേഹം തുറന്ന മനസ്സുള്ളയാളല്ല. അദ്ദേഹം പക്ഷഭേദമുള്ളയാളും മുൻവിധിക്കാരനുമാണ്. അത്തരം ആളുകളെ നമുക്ക് സഹായിക്കാനാവില്ല. ഒരു മുൻവിധിയുള്ള മനസ്സിന്(biased mind) തെറ്റായ അറിവാണ് ഉണ്ടാവുക. പക്ഷഭേദമുള്ള മനസ്സിന് തെറ്റായ വിവരം(misinformation) അഥവാ തെറ്റായ അറിവാണ് ഉണ്ടാവുക. അപ്പോൾ, തെറ്റായ അറിവുള്ള ഒരു മനുഷ്യൻ എന്താണ് ചെയ്യുക? ഞാൻ പറയുകയാണെന്നു സങ്കൽപിക്കുക, ''ബാബ ഈശ്വരനാണ്.'' ആ മനുഷ്യന് നേരത്തേതന്നെ കുറച്ച് അറിവുണ്ട്. ''ഈശ്വരൻ സത്യമാകുന്നു. അപ്പോൾ, ബാബ ഈശ്വരനാണെന്ന് താങ്കൾ പറയുന്നതെന്തിനാണ്?''

അതാണ് അദ്ദേഹത്തിന്റെ ചോദ്യം. അത് അർത്ഥമാക്കുന്നത് അദ്ദേഹം മനസ്സിനെ മനസ്സിലാക്കിയിട്ടില്ലെന്നാണ്. അതെക്കുറിച്ച് അദ്ദേഹത്തിന് മുമ്പേ രൂപപ്പെടുത്തിയ കുറച്ചു ധാരണക(preconceived idea)ളുണ്ട്, മനസ്സിലുള്ള ആ ധാരണ അദ്ദേഹം ഈ

സാഹചര്യത്തിലേക്ക് പ്രക്ഷേപിക്കും(projected). നിങ്ങളെന്തുതന്നെ പറഞ്ഞാലും അതിലേക്ക് അദ്ദേഹം ആ മുൻധാരണ പ്രക്ഷേപിക്കും.

നാം മനസ്സിലുള്ളതെന്തോ അതാണ് പ്രക്ഷേപിക്കുക എന്നു മാത്രമാണ് ഇതർത്ഥമാക്കുന്നത്. നാം കാര്യങ്ങൾ സ്വീകരിക്കുന്നില്ല(കേൾക്കുന്നില്ല). നമ്മുടെ മനസ്സിൽ നേരത്തെതന്നെ എന്താണോ ഉള്ളത്, അത് ഇപ്പോഴത്തെ വിഷയത്തിലേക്ക് കൽപ്പിക്കുന്നതിന് നാം ആഗ്രഹിക്കുന്നു. തീർച്ചയായും ഇത് പൊങ്ങച്ച(vanity)മാണ്. ഇത് ഈഗോയോ പ്രകടനമോ ആകാം. പ്രദർശനപരത(exhibitionism)യാവാം ഇത്. നിങ്ങളിതിനെ എന്തുതന്നെ വിളിച്ചാലും, ഇത്തരത്തിൽ മുൻധാരണയുള്ള ആശയങ്ങളുടെ പ്രക്ഷേപണം(projecting of preconceived ideas), അബോധമനസ്സിൽ നേരത്തേതന്നെയുള്ളത്, തെറ്റായ അറിവാകുന്നു.




ഒരു ചെറിയ ഉദാഹരണമിതാ: ഞാൻ പറയുകയാണ്, “റോസാപ്പൂ”, പെട്ടെന്ന് ആരെങ്കിലും പറയും, “എത്ര സുന്ദരം!”. എന്തുകൊണ്ടാണ് നിങ്ങളതു പറയുന്നത്? നിങ്ങളാ റോസാപ്പൂവ് കണ്ടോ? ഇല്ലില്ല! പക്ഷേ റോസാപ്പൂ മനോഹരമാണെന്നാണ് സങ്കൽപം. അതിനാൽ, ‘സുന്ദരം’ എന്നത് തെറ്റായ അറിവാ(wrong knowledge)കുന്നു.



നിങ്ങൾ റോസാപ്പൂവിനെക്കുറിച്ച് വായിക്കുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്, അതുകൊണ്ടാണ് റോസാപ്പൂ സുന്ദരമാണെന്ന് നിങ്ങൾ പറയുന്നത്. പക്ഷേ നിങ്ങൾ ശരിക്കും അതിന്റെ സൗന്ദര്യം പരിശോധിച്ചിട്ടില്ല. നിങ്ങളാ മനോഹാരിത അനുഭവിച്ചിട്ടില്ല. നിങ്ങൾ സ്വയം ആ സൗന്ദര്യം നുകർന്നിട്ടില്ല. ഏതോ മുൻധാരണ പ്രകാരമുള്ള ആശയം കേട്ടതു കാരണം, ഏതോ മുന്നനുഭവം നിമിത്തമായി, അത് സുന്ദരമാണെന്ന് നിങ്ങൾ പറയുന്നു. എന്നാൽ അത് അങ്ങനെയാവണമെന്നില്ല! ഇതാണ് തെറ്റായ അറിവ്. തെറ്റായ അറിവ് മുൻവിധി(prejudiced)യുള്ളതാണ്. തെറ്റായ അറിവ് വിവേചനപര(biased)മാണ്. തെറ്റായ അറിവ് ഉപബോധമനസ്സിൽനിന്ന് പെട്ടെന്ന് പ്രക്ഷേപിക്ക(projects from the subconscious mind)പ്പെട്ട്, അതിന് നേരത്തേതന്നെ അറിയുന്നതെന്തോ അത് പ്രഖ്യാപിക്കുന്നു.

### ഓരോ നിമിഷവും പുനർജനിക്കുന്നതിനായി ഓരോ നിമിഷവും മരിക്കുക
### DIE EVERY MOMENT IN ORDER TO BE REBORN EVERY MOMENT

ഈ തെറ്റായ അറിവിൽനിന്ന് പുറത്തുകടക്കുന്നതിന് സ്വാമി ഒരു സുന്ദരമായ പരിഹാരം നിർദ്ദേശിക്കുന്നു. ചില ആളുകൾ പറയും, "ഞാൻ നിന്നോട് പറയാം. സ്വാമി ഇപ്രകാരം പ്രത്യക്ഷപ്പെട്ടു. സ്വാമി ഇത് കാട്ടിത്തന്നു. സ്വാമി ഇപ്രകാരം പറഞ്ഞു." ഇതെല്ലാം തെറ്റായ അറിവുകളാണ്.

ഞാൻ പറയുകയാണെന്നിരിക്കട്ടെ, "ഞാൻ ധ്യാനിക്കാനിരുന്നപ്പോൾ ഒരു നീല വെളിച്ചം പ്രത്യക്ഷപ്പെട്ടു." എന്തുകൊണ്ട് ഓറഞ്ച് കളർ അല്ല? എന്തുകൊണ്ടല്ല? ചിലർ പറഞ്ഞേക്കാം, "ഞാൻ ധ്യാനത്തിലിരിക്കുമ്പോൾ മനോഹരമായ ചില ചിത്രങ്ങൾ കണ്ടു!" അല്ലെങ്കിൽ, "ഞാൻ കണ്ണുകളടച്ചപ്പോൾ, എന്റെ ശരീരം വിറയ്ക്കാൻ തുടങ്ങി." അത് സാധ്യമല്ല. എനിക്കത് എങ്ങനെ സമ്മതിക്കാൻ കഴിയും?

തെറ്റായ അറിവ് ഒഴിവാക്കുന്നതെങ്ങനെ എന്നതിന് യോഗ സുന്ദരമായ ഒരു പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. യോഗ നമ്മളോടു പറയുന്നു, "ഓരോ നിമിഷവും പുനർജ്ജനിക്കുന്നതിനായി ഓരോ നിമിഷവും മരിക്കുക." നോക്കൂ!




ഇതർത്ഥമാക്കുന്നത്, ഭൂതകാലത്തെ ഓരോ അനുഭവവും മരിക്കട്ടെ എന്നാണ്. ഭൂതകാലം മൃതിയാണ്. ഭൂതകാലം പോയതാവട്ടെ, നിങ്ങൾ പുനർജനിക്കുമാറ്. നിങ്ങൾ പുനർജനിക്കുമ്പോൾ, നിങ്ങൾ പുതുമയുള്ളവരാവും, തീർത്തും നിഷ്കളങ്കരാവും കുട്ടികളെപ്പോലെയാവും.

ഞാനൊരു തിളങ്ങുന്ന കല്ല് ഒരു കുട്ടിക്ക് നൽകുന്നു, അത് വളരെ സുന്ദരമാണ്! ആ കുട്ടി ആ മാണിക്യക്കല്ലു കൊണ്ട് കളിച്ചുകൊണ്ടേയിരിക്കും. ഞാനത് മുതിർന്ന ഒരാൾക്ക് നൽകുകയാണെങ്കിൽ, "ഓ, ഇത് രത്നക്കല്ലൊന്നുമല്ല, ഇത് മാർബിളാവും. പുറത്ത് കളഞ്ഞേക്കൂ!" അയാൾക്ക് മുമ്പുതന്നെ അതെക്കുറിച്ച് എന്തോ



മുൻധാരണ(prejudice)യുണ്ട്!

അപ്പോൾ, ഒരുവൻ ഭൂതകാലത്തിലേക്ക് മരിക്കേണ്ടിയിരിക്കുന്നു(die to the past), വർത്തമാനത്തിൽ ജീവിക്കുന്നതിനായി പുനർജനിക്കുന്നതിന്. ഇത് യോഗശാസ്ത്രത്തിലെ അനുശാസനമാകുന്നു, യോഗ കൽപ്പനയാകുന്നു. ഓരോ നിമിഷവും സകല പുതുമയോടും കൂടി, തുറന്ന മനസ്സുമായി പുനർജനിക്കുന്നതിനായി ഓരോ നിമിഷവും മരിക്കുക. ബാബ പറയുന്നത് അതാണ്.

### സാധന എന്നത് ആവശ്യമായ നിത്യ ശുദ്ധീകരണ പ്രക്രിയയാകുന്നു
### SADHANA IS A NECESSARY DAILY CLEANING PROCESS

ഇനി, തെറ്റായ അറിവിൽനിന്ന് സ്വതന്ത്രമാവുന്നതിന്, മറ്റു ചിലതും നിങ്ങൾ ചെയ്യേണ്ടതുണ്ട്. ഓരോ നിമിഷവും സ്വയം ശുദ്ധീകരിക്കുക, എന്തെന്നാൽ ആരെങ്കിലും വന്ന് നിങ്ങളുടെ മനസ്സിനെ ദുഷിപ്പിച്ചേക്കാം. ആരെങ്കിലും നിങ്ങളോട് സംസാരിച്ച് നിങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്താൻ ശ്രമിച്ചേക്കാം. അതിൽ വിദഗ്ദ്ധരായ ചില ആളുകളുണ്ട്. നാം വളരെ കരുതിയിരിക്കണം. ഓരോ നിമിഷവും നമുക്ക് സ്വയം ശുദ്ധീകരിക്കാം. അതാണ് സാധന എന്നു വിളിക്കപ്പെടുന്നത്. നമ്മെത്തന്നെ ശുദ്ധീകരിക്കലാണ് സാധന. സാധനയെന്നത് നേടേണ്ടതായ ഒന്നല്ല. സാധനയെന്നത് ഒരു നേട്ട(achievement)മല്ല. സാധന ഒരു ശുദ്ധീകരണ പ്രക്രിയയാണ്.




ഒരു ലളിതമായ ദൃഷ്ടാന്തമിതാ. സെൻ മാസ്റ്റർമാരെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. ഒരു ശിഷ്യൻ അവന്റെ മാസ്റ്ററിന്റെ സമീപം ചെന്നു, "മാസ്റ്റർ, ഞാൻ അങ്ങയുടെ പാദപത്മങ്ങളിലിരുന്ന് പല കാര്യങ്ങളും പഠിക്കുന്നതിന് ആഗ്രഹിക്കുന്നു."

മാസ്റ്റർ പറഞ്ഞു, ‘‘ഓ.കെ.’’

ഈ ശിഷ്യൻ മാസ്റ്ററിന്റെയൊപ്പം മൂന്നു കൊല്ലക്കാലം കഴിഞ്ഞുകൂടി, കുറച്ച് ആദ്ധ്യാത്മികതയൊക്കെ മനസ്സിലാക്കി.



മൂന്നു കൊല്ലം കഴിഞ്ഞ് അവൻ പറഞ്ഞു, ‘‘മാസ്റ്റർ, ഞാൻ അങ്ങയുടെ അടുത്തുനിന്ന് പല കാര്യങ്ങളും പഠിച്ചു. ഇനി ഞാൻ എന്തു ചെയ്യണം?’’

മാസ്റ്റർ പറഞ്ഞു, ‘‘ഇനി ഞാൻ നിന്നെ ഒരു വലിയ, എന്നേക്കാൾ മഹാനായ ഗുരുവിന്റെ അടുത്തേക്ക് അയയ്ക്കാം. അദ്ദേഹത്തിൽനിന്ന് നിനക്ക് കൂടുതലായി പഠിക്കാനാവും.’’

‘‘ഓ, അങ്ങനെയോ മാസ്റ്റർ? അങ്ങയേക്കാൾ ശ്രേഷ്ഠനായ മനുഷ്യനുണ്ടോ?’’

‘‘ഉണ്ട്, ഞാൻ അദ്ദേഹത്തിന്റെ വിലാസം തരാം. നീ അദ്ദേഹത്തിന്റെ അടുത്ത് പൊയ്ക്കൊള്ളുക.’’

കണ്ടുപിടിക്കേണ്ട വ്യക്തിയുടെ അഡ്രസ്സ് അദ്ദേഹം ശിഷ്യന് നൽകി. അഡ്രസ്സ് വാങ്ങി ശിഷ്യൻ അവിടെനിന്ന് പോയി. ഒരു അവധിക്കാല വഴിയോര വിശ്രമ ഹോട്ടലിൽ ജോലി ചെയ്യുന്ന ഒരു പരിചാരകന്റെ വിലാസമായിരുന്നു അത്. ഈ ചങ്ങാതി(ശിഷ്യൻ) അവിടെ ചെന്നു.

‘‘എന്റെ മാസ്റ്റർ എന്നെ അങ്ങയുടെ അടുത്തേക്ക് അയച്ചിരിക്കുകയാണ്.’’

ആ പരിചാരകൻ പ്രതികരിച്ചു, ‘‘ഒരു കത്തിന്റെ ആവശ്യമില്ല. നിനക്കിവിടെ തങ്ങാം. പേടിക്കേണ്ട!’’



അങ്ങനെ, ഈ ചങ്ങാതി അവിടെ താമസിച്ചു, പരിചാരകനെ തുറിച്ചു നോക്കാൻ തുടങ്ങി. ‘‘ഈ മനുഷ്യനിൽനിന്ന് ഞാനെന്തു പഠിക്കാനാണ്? ഇയാൾ ഒരു തൂപ്പുകാരൻ മാത്രമാണ്, ദിവസേന പാത്രവും കഴുകുന്നു. എന്നും കാലത്ത് ഇയാളുണരുന്നു, ഒരു ചൂലെടുത്ത് വൃത്തിയാക്കുന്നു, രാവിലെയും ഉച്ചതിരിഞ്ഞും വൈകുന്നേരത്തും പാത്രങ്ങളൊക്കെ കഴുകുന്നു.’’

ആറു ദിവസങ്ങൾ ഇപ്രകാരം കഴിഞ്ഞുപോയി. അവന് മുഷിഞ്ഞിട്ട് വളരെ ദേഷ്യം വന്നു. ‘‘ഇതാണോ എനിക്ക് പഠിക്കാനുള്ളത്?’’ അവന് വളരെ കോപം വന്നിട്ട് തന്റെ ഗുരുവിന്റെ, സെൻ മാസ്റ്ററുടെ, അടുത്തേക്ക് തിരിച്ചു ചെന്നു.

‘‘മാസ്റ്റർ, എന്തു പണിയാണ് അങ്ങ് കാട്ടിയത്? അങ്ങ് എന്നെ ചതിക്കുകയായിരുന്നു! അങ്ങ് എന്നെ മനസ്സിലാക്കിയില്ല! ഗുരോ! എന്തുകൊണ്ട്? അങ്ങയുടെ പാദാരവിന്ദങ്ങളിൽ ഞാൻ മൂന്നു കൊല്ലങ്ങൾ ചെലവിട്ടു. നിരവധി ആത്മീയ കാര്യങ്ങൾ ഞാൻ ഗ്രഹിക്കുകയുണ്ടായി. ഇപ്പോൾ അങ്ങ് എന്നെ ആ വാല്യക്കാരന്റെയടുത്തേക്ക് അയച്ചിരിക്കുകയാണ്! എന്താണിത്?’’

അപ്പോൾ മാസ്റ്റർ അവനോട് ഈ ചോദ്യം ചോദിച്ചു, ‘‘നീ അവിടെ എന്താണ് കണ്ടത്?’’

‘‘ആ വാല്യക്കാരൻ രാവിലെയും ഉച്ചതിരിഞ്ഞും രാത്രിയിലും, കാലത്തും ഉച്ചയ്ക്കും വൈകിട്ടും പാത്രം വൃത്തിയാക്കുന്നു, ഓരോ ദിവസവും അയാൾ കഴുകുകയും വൃത്തിയാക്കുകയും മാത്രമാണ് ചെയ്യുന്നത്,’’




മാസ്റ്റർ പറഞ്ഞു, ‘‘അതാണ് നീ അദ്ദേഹത്തിൽനിന്ന് പഠിക്കേണ്ട പാഠം.’’

എന്താണാ പാഠം? ഓരോ നിമിഷവും സ്വയം വൃത്തിയാക്കുക. സദാ ജാഗ്രതയോടെ ഇരിക്കുക. പോയ കാലത്തിന്റെ പൊടി കുന്നുകൂടാതെ നോക്കുക. ഭാവിയുടെ പ്രതീക്ഷകൾ അഥവാ മേഘങ്ങൾ ഉരുണ്ടുകൂടാതെ നോക്കുക. വർത്തമാനത്തിൽ ജീവിക്കാനായി, ഭാവിയുടെ പ്രതീക്ഷകളും ഭൂതത്തിലെ പൊടിയും അടിഞ്ഞുകൂടരുത്, കുന്നുകൂടരുത്.

അതുകൊണ്ട്, ആ മനുഷ്യന്റെ പ്രബോധനം നിരന്തരം വൃത്തിയാക്കുന്നതിനെക്കുറിച്ചായിരുന്നു.

ആദ്ധ്യാത്മികത നമ്മോട് ആവശ്യപ്പെടുന്നത് നമുക്ക് തെറ്റായ അറിവില്ല എന്ന് ഉറപ്പാക്കാനാണ്. നമ്മുടെ ഉള്ളിലായി ഇപ്പോഴും എന്താണോ ഉള്ളത് അതിനെ വൃത്തിയുള്ള മനസ്സോടെ നമുക്ക് കാണാം. കൂടാതെ, എന്ത് സാധ്യമാണെന്നും കൂടുതലായി എന്തൊക്കെ സാധ്യമാണെന്നും നമുക്ക് വ്യക്തതയോടെ വീക്ഷിക്കാം.

പ്രഫസർ അനിൽകുമാർ കൂടുതൽ ആദ്ധ്യാത്മിക ഉൾക്കാഴ്ചകൾ അടുത്ത ലക്കത്തിൽ നമുക്ക് തരുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (***Sai-Vedam*** പേജ് 127-132)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)